# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 121 — 06.03.2017-ൽ മറുപടിയ്ക്ക്.

## രണ്ടാംഘട്ട ജനകീയാസൂത്രണ പദ്ധതി

| ചോദ്യം<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.എ.എം. ആരിഫ്<br>ശ്രീ. പി.ടി.എ. റഹീം<br>ശ്രീ.പി. ഉണ്ണി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | രണ്ടാം ഘട്ട ജനകീയാസൂത്രണ പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി ആസൂത്രണസമിതികൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ പ്രസ്തുത സമിതികളിൽ ആരെയെല്ലാമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്; | (ബി) | അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് അദ്ധ്യക്ഷനായും ആസൂത്രണ പ്രക്രിയയിൽ സഹായിക്കാൻ കഴിയുന്ന ഒരു വിദഗ്ദ്ധൻ ഉപാദ്ധ്യക്ഷനായും സ്റ്റാന്റിംഗ് കമ്മിറ്റി അദ്ധ്യക്ഷന്മാർ, സന്നദ്ധസേവകരായ വിദഗ്ദ്ധർ എന്നിവർ അംഗങ്ങളായും സെക്രട്ടറി കൺവീനറായുമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനതല ആസൂത്രണ സമിതി രൂപീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ആസൂത്രണത്തിനും പദ്ധതി നിർവഹണത്തിനും വേണ്ട പഠനം വിവരശേഖരണം തുടങ്ങിയ മേഖലകളിൽ ഈ സമിതികൾ എപ്രകാരമാണ് പ്രയോജനപ്പെടുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | പദ്ധതി ആസൂത്രണം-നിർവഹണം എന്നീ പ്രവർത്തനങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് വേണ്ട ഉപദേശങ്ങൾ നൽകുക, വിവിധ പ്രവർത്തനങ്ങൾ, ഏകോപിപ്പിക്കുന്നതിന് ഭരണസമിതിയെ സഹായിക്കുക, പ്രാദേശികാസൂത്രണത്തിന് അനുയോജ്യമായ പഠനം നടത്തുക, പ്രാദേശികാസൂത്രണത്തിനാവശ്യമായ വിവരശേഖരണം നടത്തുക തുടങ്ങിയ കാര്യങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആസൂത്രണ സമിതിയെ പ്രയോജനപ്പെടുത്താവുന്നതാണ്. |
| (ഡി) | ജനകീയാസൂത്രണ പ്രവർത്തനങ്ങളിൽ പുതുതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കാൻ സോഷ്യൽ മീഡിയ ഫലപ്രദമായി ഉപയോഗിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സാധ്യതയ്ക്കനുസരിച്ച് പുതുതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിലേക്ക് സോഷ്യൽ മീഡിയ ഉൾപ്പെടെയുള്ള നവമാധ്യമങ്ങളുടെ സേവനം ഉപയോഗപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാവുന്നതാണ്. |

Saradadevi

സെക്ഷൻ ഓഫീസർ